

# "സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യം കാണാൻ കഴിയുകയില്ല"

(യോഹ. 3:3)

## വിചിന്തനം:

"യേശു തന്റെ ശിഷ്യരെക്കുറിച്ച് പറയുന്നു: വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ ഉന്നതത്തിൽ നിന്ന് ശക്തി വരിക്കുമ്പോൾ (ലൂക്ക 24:49) അവർ ജ്ഞാനികളും കൂടുതൽ ധൈര്യശാലികളുമാകും.'' അലക്സാണ്ട്രിയായിലെ വി.സിറിളിന്റെ വാക്കുകളാണിവ. ഉത്ഥിതനെ പലതവണ നേരിൽ കണ്ടിട്ടും ഭയപ്പെടുകയും സംശയിക്കുകയും ചെയ്ത ശിഷ്യൻമാർക്ക് പന്തക്കുസ്ത അനുഭവം നൽകിയ മാറ്റം അത്ഭുതാവഹമാണ്. ആത്മാവിനെ സ്വീകരിച്ച അവർ എത്രമാത്രം ധൈര്യവും ജ്ഞാനവും നിറഞ്ഞവരായി!

നമ്മളും ശിഷ്യരുടെ ഈ ദ്വന്ദ്വഭാവങ്ങൾ പേറുന്നവരല്ലേ? ഉത്ഥിതനായ യേശുവിൽ വിശ്വസിക്കുകയും അതേസമയം തന്നെ പ്രതിബന്ധതയിലും ബോധ്യങ്ങളിലും ശോഷണം അനുഭവിക്കുകയും ചെയ്യുന്നവരല്ലേ നാം? യേശുവിന്റെ ഉത്ഥാനതിരുനാളിൽ നിന്ന് പന്തക്കുസ്താ തിരുനാളിലേക്ക് യാത്രചെയ്യുന്നവരെന്ന നിലയിൽ യേശുവിന്റെ യഥാർത്ഥ ശിഷ്യത്വത്താൽ നിറയാനുള്ള ഒരു ആത്മാനുഭവത്തിനായി നമുക്ക് ദാഹിക്കാം. പന്തക്കുസ്താ തിരുനാളിലെ പുനരർപ്പണ ദിനത്തിനായി തയ്യാറെടുക്കുന്ന നമ്മുടെ മുന്നേറ്റത്തിന് ഈ ദാഹം കൂടുതൽ അർത്ഥം നൽകും.

ഈ വിചിന്തനത്തിൽ, ദൈവരാജ്യത്തെ അന്വേഷിച്ച് സ്നേഹിച്ച് സ്വന്തമാക്കാനും, പ്രഘോഷിക്കാനുമുള്ള നമ്മുടെ വിളി പ്രായോഗിക ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സഹായിക്കുന്ന മൂന്നു കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### പന്തക്കുസ്ത: ഒരു വാഗ്ദാനത്തിന്റെ സാക്ഷാത്ക്കാരം

യേശു സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെടുന്നതു കണ്ട് നഷ്ടബോധത്തോടെയാണ്/അവ്യക്തതയോടെയാണ് ശിഷ്യൻമാർ ജറുസലേമിലേക്ക് മടങ്ങിയത്. (അപ്പ. 1:11) യേശു പന്തക്കുസ്താദിനത്തിൽ ശിഷ്യരോടുള്ള തന്റെ വാഗ്ദാനം നിറവേറ്റുന്നു. "ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോട് കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടന്ന് നിങ്ങൾക്ക് തരുകയും ചെയ്യും.'' (യോഹ. 14:16) പരിശുദ്ധാത്മാവാണ് യേശുവിന്റെ വാഗ്ദാനം; അവനാണ് നമ്മുടെ സംരക്ഷകൻ. യേശു ശിഷ്യർക്കു നൽകിയ അതേ വാഗ്ദാനം ഇന്ന് ഇവിടെ നമ്മിലും പുനസാക്ഷാത്ക്കരിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു. പരിശുദ്ധ മറിയത്തോടൊപ്പം നമുക്കും നമ്മുടെ ബലഹീന ജീവിതത്തിലേക്ക് തിൻമകളാൽ കലുഷിതമായ നമ്മുടെ പഴയ മനുഷ്യനിലേക്ക് പരിശുദ്ധാത്മാവിനെ ക്ഷണിക്കാം.

### പന്തക്കുസ്ത:  വര-ദാന ഫലങ്ങളുടെ വസന്തകാലം

പരിശുദ്ധാത്മാവ് നമുക്കു നൽകുന്ന ദൗത്യത്തിന് വിവിധ മാനങ്ങളുണ്ട്. അതിൽ നമ്മുടെ ആന്തരീക ജീവിതത്തിന്റെ വിശുദ്ധീകരണമുണ്ട്, സാക്ഷ്യപ്പെടുത്തലുണ്ട്, പ്രഘോഷണമുണ്ട്. യേശുവിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും വിശ്വാസത്തിൽ ദൃഢത പ്രാപിച്ചും കൃതജ്ഞതാ പ്രകാശനത്തിലും ജീവിക്കാൻ പന്തക്കുസ്താനുഭവം നമ്മെ സഹായിക്കും (കൊളോ. 2:7). യേശു സുവിശേഷത്തോടുള്ള അർപ്പണത്തിന്റെ ഈ വിവിധ മാനങ്ങളിൽ വളരാൻ പരിശുദ്ധാത്മാവിന്റെ വരദാന-ഫലങ്ങളോട് നാം തുറവിയുള്ളവരാകണം. അത് നമ്മെ എത്യോപ്യക്കാരനായ ഷണ്ഡനെ സുവിശേഷമറിയിച്ച ഫിലിപ്പിനെപ്പോലെ നിറവുള്ളവനാക്കും.

### പന്തക്കുസ്ത: ആഗോള സുവിശേഷീകരണത്തിനുള്ള ആഹ്വാനം

പന്തക്കുസ്താ തിരുനാൾ ഒരു പെരുന്നാൾ മാത്രമല്ല, ഒരോർമ്മപ്പെടുത്തൽ കൂടിയാണ്: ഓരോ ക്രിസ്തുശിഷ്യനും ഓരോ സുവിശേഷമാകണം എന്ന ഓർമ്മപ്പെടുത്തൽ.  നമ്മിലെ പരിശുദ്ധാത്മാവിന്റെ അഭിഷേകം വലിയ വിളവെടുപ്പിന്റെ കാലമായെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. സെഹിയോൻശാലയിലെ ശിഷ്യൻമാർക്കുണ്ടായ ആത്മാനുഭവം ലോകത്തിന്റെ അതിർത്തികൾവരെയും നാം എത്തിക്കേണ്ടതുണ്ട്.

"പരിശുദ്ധാത്മാവ് നമ്മെ അസ്വസ്ഥപ്പെടുത്തുന്നു. നമ്മെ മുന്നോട്ടു നടക്കാൻ പ്രേരിപ്പിക്കുന്നു. സഭയെ ഒരു യാത്രക്ക് നിർബന്ധിക്കുന്നു.'' ഫ്രാൻസിസ് പാപ്പയുടെ ഈ വാക്കുകൾ പന്തക്കുസ്താ ദിനത്തിലെ പുന:സമർപ്പണത്തിനൊരുങ്ങുന്ന നമ്മെ പ്രചോദിപ്പിക്കട്ടെ. ഈ ആത്മാവിനെ പുൽകാനും, ആത്മാവിന്റെ വരദാനഫലങ്ങളോട് തുറവിയുണ്ടാകാനും ദൈവസ്നേഹത്തെ പുരമുകളിൽ നിന്ന് പ്രഘോഷിക്കാനും ഈ പന്തക്കുസ്താ തിരുനാൾ നമ്മെ പ്രാപ്തരാക്കട്ടെ.

## വിശുദ്ധന്റെ മൊഴി:

വ്യക്തതയാർന്നതും സുതാര്യവുമായ പദാർത്ഥങ്ങളുടെ മേൽ സൂര്യപ്രകാശം പതിക്കുമ്പോൾ ഉജ്ജ്വലമായി ജ്വലിക്കുന്നതുപോലെ, പരിശുദ്ധാത്മാവിനാൽ ശോഭിക്കുന്ന ഒരു ആത്മാവ് ആത്മീയമായി തീരുകയും മറ്റുള്ളവർക്കുവേണ്ടി കൃപയുടെ ഒരു സ്രോതസായി വർത്തിക്കുകയും ചെയ്യുന്നു.

സിസെറിയയിലെ വി. ബേസിൽ

## സത്ക്രിയ:

ഓരോ ദിനാരംഭത്തിലും പരിശുദ്ധ അമ്മയോട് ചേർന്ന് പ്രാർത്ഥിക്കാം: പരിശുദ്ധാത്മാവെ, എഴുന്നെള്ളി വരണമെ. അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങളെ നിറക്കുക. പന്തക്കുസ്തായുടെ ഈ ദിനങ്ങളിൽ ഞങ്ങളുടെ കുടുംബങ്ങൾക്കും ബന്ധുക്കൾക്കും പുറത്തുള്ള ലോകത്തിന് നിന്റെ സുവിശേഷത്തിന്റെ സ്നേഹസന്ദേശം നൽകുവാൻ ഞങ്ങളെ ശക്തരാക്കിയാലും.

പരിശുദ്ധ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

വി.ജോൺപോൾ പാപ്പ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

*Prepared by Fr. Cherian Nereveettil, for Jesus Youth International Formation Team. Email: formation@jesusyouth.org*